"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി ഓഫീസറായ ശ്രീമതി സൂര്യ രാജ് -ന് പഠനാവശ്യത്തിനായി അനുവദിച്ച ശൂന്യവേതനാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.100/2025/AGRI തീയതി,തിരുവനന്തപുരം, 12-02-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം.1006/2022/കൃഷി തീയതി 17/11/2022
2. സ.ഉ.(സാധാ) നം.114/2024/കൃഷി തീയതി 08/02/2024
3. സ.ഉ.(സാധാ) നം.891/2024/കൃഷി തീയതി 24/09/2024
4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 28/10/2024 ലെ SD(2) 7623/2022-SE1 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ തൃശ്ശൂർ ജില്ലയിലെ കുന്നംകുളം കൃഷി ഭവനിൽ കൃഷി അസിസ്റ്റന്റായി ജോലിയിൽ പ്രവേശിച്ച ശ്രീമതി സൂര്യ രാജ് ന് പരാമർശം (1) (2) എന്നീ ഉത്തരവുകൾ പ്രകാരം അനുവദിച്ച ശൂന്യവേതനാവധിക്ക് തുടർച്ചയായി 01/08/2024 മുതൽ 26/10/2024 വരെ (27.10.2024 പിൻചേർത്ത്) കെ.എസ്.ആർ ഭാഗം I, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം (3) പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു. ഈ ഉത്തരവിനു തുടർച്ചയായി 27/10/2024 മുതൽ 28/02/2025 വരെ ശൂന്യവേതനാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള അപേക്ഷയും അനുബന്ധ രേഖകളും കോഴ്സ് സർട്ടിഫിക്കറ്റും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (4) കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുന്നംകുളം കൃഷി ഭവനിൽ കൃഷി അസിസ്റ്റന്റായി ജോലിയിൽ പ്രവേശിച്ച ശ്രീമതി സൂര്യ രാജ് ന് പഠനാവശ്യത്തിനായി പരാമർശം (1) (2) (3) പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയ്ക്കു തുടർച്ചയായി 27.10.2024 മുതൽ 28.02.2025 വരെ, കെ.എസ്.ആർ ഭാഗം I, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു. ടിയാൾ അവധി കഴിഞ്ഞ് സേവനത്തിൽ പ്രവേശിക്കുമ്പോൾ സർവ്വീസിൽ പുതിയതായി പ്രവേശിച്ചതായി കണക്കാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മൃണാൾസെൻ എം
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി സൂര്യ രാജ് (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(AGRI-EA2/238/2022-AGRI)**

ഉത്തരവിൻ പ്രകാരം
Signed by
Aswathi S Poonkavanam
Date: 12-02-2025 22:45:14
സെക്ഷൻ ഓഫീസർ